(സി) ' ഉണ്ട്. ബയോഗ്യാസ് പ്ലാന്റ് നിർമ്മിച്ച കർഷകരിൽ 91.78 ശതമാനം പേരും വിറകിന് പകരമായി ഗ്യാസ് ഉപയോഗിക്കുന്നതായി മോണിറ്ററിംഗ് ആന്റ് ഇവാല്യുവേഷൻ യൂണിറ്റ് നടത്തിയ പഠനം തെളിയിക്കുന്നു. ഒരു പ്ലാന്റ് ഒരു കൊല്ലം പ്രവർത്തിക്കുമ്പോൾ 3.7 ടൺ വിറകിന്റെ ഉപയോഗം കുറയ്ക്കാൻ കഴിയുന്നു.

(ഡി) ലഭ്യമായ തുക താഴെ കൊടുക്കുന്നു.

വർഷം	ലഭിച്ച തുക
1996-97	21,00,000 രൂപ
1997-98	2,50,000 രൂപ
1998-99	30,00,000 രൂപ
1999-2000	45,00,000 രൂപ

(ഇ) ഇല്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

ജനകീയാസൂത്രണ പദ്ധതിമൂലം പ്രയോജനം ലഭിച്ചവർ

25 (*85) ശ്രീ. പി. നാരായണൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. സി. എൻ. ജയദേവൻ :
ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി എത്ര വീടുകളും കക്കൂസുകളും നിർമ്മിച്ചു നൽകി എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിന്റെ പ്രയോജനം എത്രപേർക്ക് ലഭിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) ജനോപകാരപ്രദമായ രീതിയിൽ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം സംസ്ഥാനത്ത് വിതരണം ചെയ്തിട്ടുണ്ട് ;

(ഡി) ഇതിന്റെ പ്രയോജനം എത്ര പേർക്ക് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) :

(എ) ജനകീയാസൂത്രണ പദ്ധതിയുടെ ആദ്യത്തെ മൂന്ന് വർഷംകൊണ്ട് (1997-2000) 3,06,288 വീടുകളും 4,13,174 കക്കൂസുകളും നിർമ്മിച്ചിട്ടുണ്ട്.

(ബി) വീടുകളുടെ പ്രയോജനം 3,06,286 കുടുംബങ്ങൾക്കും കക്കൂസുകളുടേത് 4,13,174 കുടുംബങ്ങൾക്കും ലഭിച്ചിട്ടുണ്ട്. ഇതിൽ വീടും കക്കൂസും ലഭിച്ച കുടുംബങ്ങളും ഉൾപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ജനകീയാസൂത്രണ പദ്ധതിയുടെ എല്ലാ ആനുകൂല്യങ്ങളും ജനോപകാരപ്രദമായ രീതിയിലാണ് വിതരണം ചെയ്തത്. പ്രധാന ഇനങ്ങളുടെ വിവരം അനുബന്ധമായി നൽകുന്നു.†

(ഡി) ഒരു ഗുണഭോക്താവിനോ ഒരു കുടുംബത്തിനോ ഒന്നിൽ കൂടുതൽ ഇനങ്ങളിലുള്ള ആനുകൂല്യം ലഭിക്കാൻ സാധ്യതയുള്ളതിനാൽ ആകെ എത്ര പേർക്ക് പ്രയോജനം ലഭിച്ചുവെന്ന് വ്യക്തമാക്കുക ശ്രമകരമായ പ്രവർത്തിയാണ്.

സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി

26 (*86) ശ്രീ. കെ. സുധാകരൻ :
ശ്രീ. പാലോട് രവി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ഇ. എം. അഗസ്തി :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി വിശദീകരിക്കാമോ ;

(ബി) കോടതി വിധിയനുസരിച്ച് കെട്ടിവച്ച തുകയ്ക്ക് നൽകിയ ചെക്ക് മാറി പണം നൽകാത്തതിനാൽ സാമ്പത്തിക അടിയന്തിരാവസ്ഥ പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെടുന്ന ഹർജി ഹൈക്കോടതിയിൽ നിലവിലുണ്ടോ ;

(സി) ഈ കേസിൽ ഗവൺമെന്റ് സത്യവാങ്മൂലം നൽകിയിട്ടുണ്ടോ ;

(ഡി) കോടതി വിധിയനുസരിച്ചുള്ള തുകകളെല്ലാം നൽകിയിട്ടുണ്ടോ ;

(ഇ) 2001 ജനുവരി 31 വരെ മൊത്തം ബഡ്ജറ്റ് വിഹിതത്തിന്റെ ശരാശരി എത്ര ശതമാനം തുക ചെലവഴിച്ചിട്ടുണ്ട് ;

(എഫ്) 2000-2001 വർഷത്തെ ബഡ്ജറ്റിൽ എസ്റ്റിമേറ്റ് ചെയ്ത റവന്യൂകളക്ഷന്റെ എത്ര ശതമാനം ഇതേവരെ കളക്ട് ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി വളരെ മെച്ചമല്ല. സാമ്പത്തിക ഞെരുക്കം അനുഭവപ്പെടുന്നതിനാൽ സംസ്ഥാനത്തിന് പല ദിവസങ്ങളിലും വെയ്സ് ആന്റ് മീൻസ് അഡ്വാൻസിനേയും ഓവർ ഡ്രാഫ്റ്റിനേയും ആശ്രയിക്കേണ്ടി വരുന്നുണ്ട്. ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി ഒഴിവാക്കി ട്രഷറി അടച്ചിടുന്ന അവസ്ഥ ഉണ്ടാവാതിരിക്കുവാൻ ചില താൽക്കാലിക ട്രഷറി നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

ട്രൈസം പരിപാടി പ്രകാരം 11,877 യുവജനങ്ങൾക്ക് തൊഴിലധിഷ്ഠിത പരിശീലനം നൽകി.

ഗ്രാമീണ വനിതാ ശിശുവികസന പരിപാടിയിൽ കീഴിൽ 2852 വനിതാ ഗ്രൂപ്പുകൾ രൂപീകരിച്ച് സ്വയംതൊഴിൽ സംരംഭങ്ങൾ ഏറ്റെടുക്കാൻ പ്രാപ്തരാക്കി.

ജവഹർ റോസ്ഗാർ യോജനപ്രകാരം 19,708 ലക്ഷവും ജവഹർ ഗ്രാമ സമൃദ്ധി യോജന പ്രകാരം 2,39,675 ലക്ഷവും തൊഴിലുറപ്പ് പരിപാടിയിലൂടെ 195 ലക്ഷവും തൊഴിൽ ദിനങ്ങൾ നൽകി.

ഗ്രാമീണ ശുചിത്വ പരിപാടി പ്രകാരം 1,95,871 കക്കൂസുകൾ നിർമ്മിച്ചു.

ദശലക്ഷം കിണർ പദ്ധതിയിലൂടെ 10,314 ജലസേചന കിണറുകൾ കുഴിക്കുവാൻ സഹായം നൽകി.

സ്വർണ്ണജയന്തി ഗ്രാമ സ്വരോസ്ഗാർ യോജനയിലൂടെ 38.745 പേർക്ക് സ്വയം തൊഴിൽ സഹായം നൽകി.

430.44 ലക്ഷം രൂപയുടെ തരിശുഭൂമി വികസന പരിപാടികൾ നടപ്പിലാക്കി. മണ്ണ് സംരക്ഷണം, ജലസംരക്ഷണം, ഊർജ്ജസംരക്ഷണം, വൃക്ഷതൈ നടീൽ തുടങ്ങിയവയാണ് ഏറ്റെടുത്ത പ്രധാനപ്പെട്ട തരിശുഭൂമി വികസന പരിപാടികൾ.

അനുബന്ധം- IV

25 (*85)-ാം നമ്പർ ചോദ്യം കാണുക.

	ഇനം	എണ്ണം
1.	വിത്ത്, വളം, കീടനാശിനി മുതലായവയുടെ ഗുണഭോക്താക്കൾ	35,72,664
2.	ടില്ലർ	4,431
3.	കന്നുകാലികൾ	2,74,572
4.	കോഴിക്കുഞ്ഞുങ്ങൾ	18,67,517
5.	തയ്യൽ മെഷീനുകൾ	53,472
6.	പമ്പ് സെറ്റുകൾ	59,211
7.	വീട്	3,06,288
8.	കക്കൂസ്	4,13,174

LIBRARY ARCHIVES Kerala Legislative Assembly